കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല, താനൂർ ബ്ലോക്ക്തല മിനി മാർക്കറ്റിംഗ് സെന്റർ കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).1899/14/തസ്വഭവ — തീയതി, തിരുവനന്തപുരം, 19.07.2014

==========================================================================

പരാമർശം:
1. താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ.
2. ഗ്രാമവികസന കമ്മീഷണറുടെ 23.04.2014 ലെ 5423/ജെ.ആർ.വൈ.2/2014/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പൂർത്തീകരിച്ച ബ്ലോക്ക്തല മിനി മാർക്കറ്റിംഗ് സെന്റർ കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും ആയതിൻ പ്രകാരം തയ്യാറാക്കി ഗ്രാമവികസന കമ്മീഷണർക്ക് ലഭ്യമാക്കിയ പരാമർശം ഒന്ന് പ്രകാരമുള്ള ബൈലോയ്ക്ക് താഴെപറയുന്ന ഭേദഗതികളോടെ അംഗീകാരം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

1. ബൈലോ ഖണ്ഡിക(3) ലെ 'ഗ്രാമവികസന കമ്മീഷണറുടെ' എന്നത് സർക്കാരിന്റെ എന്നാക്കി മാറ്റാവുന്നതാണ്.
2. ഖണ്ഡിക (19) ൽ 'ഗ്രാമവികസന കമ്മീഷണറുടെ' എന്നതിന് പകരം 'സർക്കാരിന്റെ' എന്നാക്കി മാറ്റാവുന്നതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ പ്രകാരം മേൽ പറഞ്ഞ ഭേദഗതികളോടെ താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്നത് സംബന്ധിച്ച ബൈലോ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാമൻകുട്ടി.സി.,
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രസിഡന്റ്/സെക്രട്ടറി, താനൂർ ബ്ലോക്ക് പഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ